**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2662** **04-03-2025 - ൽ മറുപടിയ്ക്ക്**

**ചെറുകിട വൈദ്യുത പദ്ധതികൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. വാഴൂർ സോമൻ</td><td colspan="2">ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി പ്രതിസന്ധി മറികടക്കുവാൻ എത്ര ചെറുകിട ജല വൈദ്യുത പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;</td><td>(എ)</td><td>നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വൈദ്യുതി പ്രതിസന്ധി മറികടക്കുവാൻ താഴെ പറയുന്ന 4 ചെറുകിട ജല വൈദ്യുത പദ്ധതികളും 1 മൈക്രോ ജല വൈദ്യുത പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.<br>• ഒലിക്കൽ ചെറുകിട ജല വൈദ്യുത പദ്ധതി (5 മെഗാ വാട്ട്)<br>• പൂവാരംതോട് ചെറുകിട ജല വൈദ്യുത പദ്ധതി (3 മെഗാവാട്ട്)<br>• അപ്പർ ചെങ്കുളം ചെറുകിട ജല വൈദ്യുത പദ്ധതി (24 മെഗാവാട്ട്)<br>• ചിന്നാർ ഫേസ് II ചെറുകിട ജല വൈദ്യുത പദ്ധതി (24 മെഗാവാട്ട്)<br>• പൊരിങ്ങൽകുത്ത് മൈക്രോ ജല വൈദ്യുത പദ്ധതി (0.036 മെഗാവാട്ട്)<br>• 2021-2024 കാലഘട്ടത്തിൽ സംസ്ഥാനത്ത് വൈദ്യുതോദ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്വകാര്യ സംരംഭക പങ്കാളിത്തത്തിൽ ഇഎംസിയുടെ നേതൃത്വത്തിൽ നടപ്പിൽ വരുത്തിയ ആനക്കാംപൊയിൽ (8 MW), അരിപ്പാറ (4 MW), മുക്കുടം (4 MW) ചെറുകിട ജല വൈദ്യുത പദ്ധതി എന്നിവ കമ്മീഷൻ ചെയ്ത് ഗ്രിഡിലേക്ക് വൈദ്യുതി നല്കുന്നുണ്ട്.<br>• അതോടൊപ്പം ഏഴാംകടവ് (350kW) പദ്ധതി ഗ്രിഡിലേക്ക് വൈദ്യുതി നൽകുന്നുണ്ട്. നിലവിൽ കമ്മീഷൻ പൂർത്തിയാക്കിയിട്ടില്ല.<br>• ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ ഏറ്റവും അവസാനം വിളിച്ചിരുന്ന ടെണ്ടർ നടപടികൾ പ്രകാരം BOOT അടിസ്ഥാനത്തിൽ സർക്കാർ അലോട്ട് ചെയ്ത പദ്ധതികളിൽ മൂന്ന് എണ്ണത്തിന്റെ (ആറ്റില I- 6 MW (പാലക്കാട് ജില്ല), ആറ്റില II- 6 MW (പാലക്കാട് ജില്ല), കനകപ്പുഴ - 0.75 MW</td></tr>
</table>

| | | | |
|---|---|---|---|
| | | | (ഇടുക്കി ജില്ല) ഇമ്പ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പിട്ട് പദ്ധതി പ്രവർത്തനങ്ങളുമായി മുന്നോട്ട് പോവുകയാണ്. ഈ പദ്ധതികൾ നടപ്പിലാക്കുന്നത് വഴി 12.75 മെഗാവാട്ട് സ്ഥാപിത ശേഷി കൂടി കൈവരിക്കുവാൻ സാധിക്കും.<br><br>നിലവിൽ പിണവൂർ (7MW), ലോവർ വട്ടപ്പാറ (2.5MW), പാലക്കുഴി (1MW), കനകപ്പുഴ (1MW) പദ്ധതികൾക്ക് TEFR ക്ലിയറൻസ് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ പിണവൂർ (7MW) പദ്ധതിക്ക് വനം വകുപ്പിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. പാലക്കുഴി (1MW) പദ്ധതിയുടെ അവസാന ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ലോവർ വട്ടപ്പാറ (2.5MW) പദ്ധതിയുടെ ആദ്യഘട്ട പ്രവർ ത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. കനകപ്പുഴ പദ്ധതിക്കായി ആവശ്യ മുള്ള സ്ഥലം ഏറ്റെടുക്കുന്ന ഘട്ടത്തിലാണ്. കൂടാതെ അറ്റ്ലെ-I (6 MW), അറ്റ്ലെ-II (6MW) പദ്ധതികൾ TEFR ക്ലിയറൻസിനായി സമർപ്പിച്ച റിപ്പോർട്ട് വനം വകുപ്പിന്റെ നിർദ്ദേശ പ്രകാരം പുതുക്കുന്ന ഘട്ടത്തിലുമാണ്. ഈ പദ്ധതികളെല്ലാം നടപ്പിലാക്കു ന്നതോടെ സംസ്ഥാനത്തിന് 23.5 MW ന്റെ അധിക ഊർജ്ജോ ത്പാദനം കൈവരിക്കാൻ സാധിക്കുന്നതാണ്. |
| (ബി) | ഇടുക്കി ജില്ലയിൽ പുതിയതായി ആരംഭിച്ച ചെറുകിട വൈദ്യുത പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | അപ്പർ ചെങ്കുളം ചെറുകിട ജല വൈദ്യുത പദ്ധതി (24 മെഗാവാട്ട്), ചിന്നാർ ഫേസ് II ചെറുകിട ജല വൈദ്യുത പദ്ധതി (24 മെഗാവാട്ട്) എന്നിവയാണ് ഇടുക്കി ജില്ലയിൽ പുതിയതായി ആരംഭിച്ച ചെറുകിട ജല വൈദ്യുത പദ്ധതികൾ. |
| (സി) | പീരുമേട് മണ്ഡലത്തിൽ ലാഡ്രം ചെറുകിട വൈദ്യുത പദ്ധതി പ്രാവർത്തികമാക്കുവാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (സി) | പീരുമേട് മണ്ഡലത്തിൽ 3.50 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ലാഡ്രം ചെറുകിട ജല വൈദ്യുത പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കുന്നതിനു "തോട്ട ഭൂമി സർക്കാർ പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്നത്" സംബന്ധിച്ച് ഉത്തരവ് ലഭ്യമാക്കുന്നതിനു വേണ്ടി ജില്ല കളക്ടർ സർക്കാരിലേക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അനുമതി ലഭ്യമായാൽ പദ്ധതിയുടെ സ്ഥലമേറ്റെടുപ്പ് നടപടികളുമായി മുന്നോട്ട് പോകുന്നതാണ്. |
| (ഡി) | ഉപ്പുതറ പഞ്ചായത്തിൽ പെരിയാർ നദിയിൽ പൊരികണ്ണിക്ക് സമീപം ഒരു തടയണ പണിയുവാൻ റിപ്പോർട്ട് സമർപ്പിച്ചിരുന്നതിന്റെ തുടർനടപടികൾ വിശദമാക്കാമോ? | (ഡി) | പീരുമേട് താലൂക്കിൽ ഉപ്പുതറ പഞ്ചായത്തിൽ പെരിയാർ നദിയിൽ ഒരു തടയണ നിർമ്മിച്ച് വൈദ്യുതോല്പാദനത്തിന് സാധ്യതയുണ്ടോയെന്ന് ബഹു. എം.എൽ.എ.-യുടെ അഭ്യർത്ഥന പ്രകാരം പരിശോധന നടത്തിയിരുന്നു. പെരിയാർ ഡാമിന് ഏകദേശം 25 കിലോമീറ്റർ താഴെ ആയിട്ടാണ് നിർദ്ദിഷ്ട സ്ഥലം സ്ഥിതി ചെയ്യുന്നത്. ജല വൈദ്യുത |

| | | | |
|---|---|---|---|
| | | | പദ്ധതിക്ക് ആവശ്യമായ നിമ്നോന്നതി ഇവിടെ പുഴയ്ക്ക് ഇല്ലാത്തതിനാൽ ജല വൈദ്യുത പദ്ധതിക്ക് സാധ്യതയില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ